03-02-2022

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-03/02/2022

1. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, പായിപ്പാട്, തൃക്കൊടിത്താനം കൃഷിഭവൻ പരിധിയിൽ വരുന്ന കർഷകർക്ക് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെങ്ങിൻതോട്ടത്തിലെ ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾക്ക് പകരം ഉത്പാദനക്ഷമത കൂടിയ തെങ്ങിൻതൈകൾ ലഭിക്കുന്നതിനും ഇടവിള ചെയ്യുന്നതിനുള്ള (കിഴങ്ങുവിളകൾ, ഇഞ്ചി, മഞ്ഞൾ) വിത്തുകൾ ലഭിക്കുന്നതിനും **ഫെബ്രുവരി 8-നകം** അതത് കൃഷിഭവനുകളിൽ അപേക്ഷകൾ നൽകേണ്ടതാണ്. ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 1000 രൂപ സഹായം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടുക.

2. എറണാകുളം ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ മൃഗസംരക്ഷണവകുപ്പ് നടപ്പാക്കുന്ന **കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല എമർജൻസി സർവ്വീസ്** പ്രകാരം സേവനം ലഭിയ്ക്കുന്നതിന് ബന്ധപ്പെടേണ്ട വെറ്ററിനറി ഡോക്ടർമാരുടെ വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പേര് | ബ്ലോക്ക് | ഫോൺ |
|---|---|---|---|
| 1 | ഡോ. അൽ.യസഹ് ഉസ്മാൻ | മൂവാറ്റുപുഴ | 9048013439 |
| 2 | ഡോ. നിഖിൽ ജോളി | അങ്കമാലി | 9048719990 |
| 3 | ഡോ. ശ്രീദേവ് രാജേന്ദ്രന് | വൈപ്പിൻ | 7025750604 |
| 4 | ഡോ. ഹരിപ്രിയ മോഹൻ | കൊച്ചി | 7356152534 |
| 5 | ഡോ. ചന്ദ്രകാന്ത്. യു | ആലങ്ങാട് | 7014484813 |
| 6 | ഡോ. സെബാസ്റ്റ്യൻ | വാഴക്കുളം | 7907652114 |
| 7 | ഡോ. അഞ്ജലക്ഷ്മി.ഡി.നാഥ് | കൂവപ്പടി | 9497341958 |
| 8 | ഡോ. ശ്രീജിത്ത് ഉത്തമൻ | പറവൂർ | 9496800705 |
| 9 | ഡോ. അഖിൽ എ.റ്റി | എടപ്പിള്ളി | 7736621407 |
| 10 | ഡോ. ഷറഫുദ്ദീൻ കെ.എ | കോതമംഗലം | 9496130451 |
| 11 | ഡോ. മുഫീദബീഗം എം.സി | മുളന്തുരുത്തി | 9497387195 |
| 12 | ഡോ. അദീന സേവ്യർ | പാറക്കടവ് | 9400741214 |
| 13 | ഡോ. ആഷിഖ് ഹമീദ് എം.എച്ച് | വടവ്കോട് | 8281664253 |

3. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന കെപ്കോ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ **ഫെബ്രുവരി 05**-ന് മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000921** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരളത്തിന്റെ ഭൂപ്രകൃതിയ്ക്കും, കൃഷിയ്ക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ പ്രവർത്തിച്ചുവരുന്ന ഉപജ്ഞാതാക്കളുടെയും പുത്തൻ ആശയക്കാരുടെയും ഒരു സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള ഉപജ്ഞാതാക്കൾ, നൂതന ആശയങ്ങളിൽ പ്രവർത്തിക്കുന്നവർ മേൽവിലാസം, പ്രവർത്തനത്തിന്റെ വിവരണവും കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

5. വെള്ളായണി കാർഷിക കോളേജിലെ ബയോകൺട്രോൾ ലബോറട്ടറിയിൽ നിന്നും **മിത്രപ്രാണികളുടെ മുട്ടകാർഡ് അഥവാ ട്രൈക്കോ കാർഡുകൾ** ലഭ്യമാണ്. നെല്ലിന്റെ തണ്ടുതുരപ്പൻ പുഴു, ഓലചുരുട്ടിപ്പുഴു, പച്ചക്കറി വിളകളിലും മറ്റു വിളകളിലും കാണുന്ന പുഴുവർഗ്ഗ കീടങ്ങൾ എന്നിവയ്ക്കെതിരെ ട്രൈക്കോകാർഡുകൾ ഫലപ്രദമാണ്. ഒരു കാർഡിന് 50 രൂപയാണ് വില. ഒരു ഹെക്ടർ നെൽകൃഷിയ്ക്ക് ഒറ്റത്തവണ ഉപയോഗിക്കാൻ 250 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് **9645136567, 9446378182** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക..

6. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരവരുടെ പരിധിയിലുള്ള കൃഷിഭവനുകളിൽ 2022 **ഫെബ്രുവരി 28** ന് മുമ്പായി യന്ത്രങ്ങളുടെ

വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. മാതൃക ഫോം കൃഷിഭവനുകളിൽ ലഭ്യമാണ്.

7. റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) ബിൽ 2022-ന്റെ പുതിയ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ഫെബ്രുവരി 9 വരെ നീട്ടി. കരടു ബില്ലിന്റെ കോപ്പി കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും (https://commerce.gov.in) റബ്ബർ ബോർഡിന്റെയും (http://rubberboard.gov.in) വെബ് സൈറ്റുകളിൽ ലഭ്യമാണ്. നിർദ്ദേശങ്ങൾ സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in എന്ന ഇമെയിലായോ അറിയിക്കാവുന്നതാണ്.

## പരിശീലന പരിപാടികൾ

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ഫെബ്രുവരി 03 ന്) രാവിലെ 11 മണിക്ക് **കന്നുകുട്ടി പരിപാലനം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 08,09 തീയതികളിൽ **ആട് വളർത്തൽ, 10-ന് ഇറച്ചിക്കോഴി വളർത്തൽ, 18-ന് താറാവ് വളർത്തൽ** എന്നീ വിഷയങ്ങളിൽ **ഓൺലൈൻ** പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (ഫെബ്രുവരി **3-ന്) കാടവളർത്തൽ, 07-ന് പോത്ത് വളർത്തൽ, 9,10 തീയതികളിൽ മുട്ടക്കോഴി വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.